LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) മലപ്പുറം കോട്ടപ്പടി ബൈപ്പാസ് നിർമ്മാണം പൂർത്തീകരണവുമായി ബന്ധപ്പെട്ട് പ്രാദേശിക നിരീക്ഷണ സമിതിയുടെ ശിപാർശ സഹിതം ലഭ്യമായ അപേക്ഷ സംസ്ഥാനതല സമിതിയുടെ 23-5-2015-ലെ യോഗത്തിൽ പരിഗണിക്കുകയും, പ്രസ്തുത ഭൂമി നികത്തുന്നതുകൊണ്ട് സ്ഥലത്തിനേയോ, വെള്ളത്തിന്റെ ഒഴുക്കിനേയോ ദോഷകരമായി ബാധിക്കുമോ എന്നതിന്മേലുള്ള അഭിപ്രായം ബന്ധപ്പെട്ട കൃഷി ഓഫീസർ, വില്ലേജ് ആഫീസർമാർ എന്നിവരോട് ആവശ്യപ്പെടുവാൻ സമിതി തീരുമാനിക്കുകയും ചെയ്തു. ആയതുപ്രകാരം 25-7-2015-ലെ 190/എൻ.സി.എ.3/14/കൃഷി നമ്പർ കത്ത് പ്രകാരം ടി ഉദ്യോഗസ്ഥരോട് പ്രസ്തുത റിപ്പോർട്ട് ആവശ്യപ്പെട്ടിരുന്നു.

(ബി&സി) മേൽ പരാമർശിച്ച റിപ്പോർട്ട് ലഭ്യമാകാതിരുന്നതിനാലാണ് മേൽ അപേക്ഷയിന്മേൽ തീരുമാനം കൈക്കൊള്ളുവാൻ കാലതാമസം ഉണ്ടായിട്ടുള്ളത്. ഇപ്പോൾ ആയത് ലഭ്യമായിട്ടുണ്ട്. ടി റിപ്പോർട്ടുകൾ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ 17-12-2015-ൽ കൂടുന്ന സംസ്ഥാനതല സമിതി യോഗത്തിന്റെ പരിഗണനയ്ക്കായുള്ള അജണ്ടയിൽ പ്രസ്തുത അപേക്ഷ ഉൾപ്പെടുത്തിയിട്ടുണ്ട്. സംസ്ഥാനതല സമിതി യോഗത്തിന്റെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ മാത്രമേ പരിവർത്തനാനുമതി നല്കുന്ന കാര്യം പരിഗണിക്കാൻ സാധിക്കുകയുള്ളൂ.

അടക്കായിലെ അമ്മദക്കയിലെ മഹാളിരോഗം

171 (3376) ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മഹാളിരോഗംമൂലം അടക്കാ കച്ചവടക്കാർ അനുഭവിക്കുന്ന ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇതു പരിശോധിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് അറിയിക്കാമോ ;

(സി) രോഗം പിടിപെട്ട മരങ്ങൾക്ക് യഥാസമയം മരുന്നടിക്കാൻ തൊഴിലാളികളെ കിട്ടാതാവുന്ന കർഷകരെ സഹായിക്കാൻ കൃഷിഭവൻ മുഖേന മരുന്നടിക്കാനുള്ള ഒരു ബ്രിഗേഡ് രൂപീകരിക്കുമോയെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി) കാർഷിക സർവ്വകലാശാലയിലെ ശാസ്ത്രജ്ഞർ ഉൾപ്പെടുന്ന മൾട്ടി ഡിസിപ്ലിനറി ഡയഗ്നോസ്റ്റിക് ടീം ആവശ്യമായ പരിശോധനകൾ നടത്തുകയും രോഗനിയന്ത്രണത്തിനായി ബോർഡോമിശ്രിതം തളിക്കുന്നതിനുള്ള നിർദ്ദേശം കർഷകർക്ക് നൽകുകയും ചെയ്തിട്ടുണ്ട്. ജൈവവളപ്രയോഗം കാര്യക്ഷമമാക്കുന്നതിനും തോട്ടങ്ങളിൽ വെള്ളക്കെട്ട് നിയന്ത്രിക്കുന്നതിനും നിർദ്ദേശം നല്കിയിട്ടുണ്ട്.

(സി) പഞ്ചായത്തുകളിലെ കാർഷിക കർമ്മസേനയുടെയും അഗ്രോസർവ്വീസ് സെന്ററിന്റെയും സഹായം ഉപയോഗപ്പെടുത്താവുന്നതാണ്.

ജനിതകമാറ്റം വരുത്തിയ വിത്തിനങ്ങളും കൃഷികളും

172 (3377) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജനിതകമാറ്റം വരുത്തിയ വിത്തിനങ്ങളും കൃഷികളും സംസ്ഥാനത്ത് പരീക്ഷിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) മോൺ സാന്റോ കമ്പനിയുടെ ഗോൾഡൻ റൈസ് എന്ന വിത്ത് സംസ്ഥാനത്ത് പരീക്ഷിക്കുന്നുണ്ടോ;വ്യക്തമാക്കുമോ;

(സി) കൃഷിച്ചെലവ് കുറയ്ക്കാൻ സഹായിക്കുന്നതും കോർപ്പറേറ്റുകൾ നടത്തുന്ന ചൂഷണം ഇല്ലാതാക്കാൻ ഉതകുന്നതുമായ സുഭാഷ് പലേക്കർ കണ്ടുപിടിച്ച ചെലവില്ലാ പ്രകൃതി കൃഷി (സീറോ ബജറ്റ് നാച്ചറൽ ഫാമിംഗ്) പോലുള്ള ജൈവകൃഷി രീതി കൂടുതൽ ശക്തിപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

ഉത്തരം

(എ&ബി) ഇല്ല.

(സി കാർഷിക മേഖലയിൽ ജൈവകൃഷി രീതികൾ പ്രോത്സാഹിപ്പിക്കുന്നതിനുള്ള നടപടികൾ കൃഷി വകുപ്പ് സ്വീകരിച്ചുവരികയാണ്. ജൈവ കാർഷിക നയം സംസ്ഥാനം രൂപപ്പെടുത്തുകയും 2012-13 വർഷം കാസർഗോഡ്